ബഹുമാന്യനും ക്രിയോത്സുകനുമായ കേരളാ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയ്ക്ക്,

ഞങ്ങൾ ലോകത്തിന്റെ പല കോണുകളിലുമായി ജീവിയ്ക്കുന്ന ഒരു പറ്റം മലയാളികളാണ്. ഉദ്യോഗം, വിദ്യാഭ്യാസം തുടങ്ങിയ ജീവിതസാഹചര്യങ്ങൾ മൂലം കേരളത്തിൽ നിന്നും വളരെ അകന്നു ജീവിക്കുന്നവരാണ് ഞങ്ങളിൽ ഭൂരിഭാഗവും. എന്നിരുന്നാൽ തന്നെയും തങ്ങളുടെ സ്വന്തം നാടിനോട് മറ്റാരേക്കാളും ഒട്ടും കുറവില്ലാത്ത മമതയും വിധേയത്വവും വെച്ചുപുലർത്തുന്നവരാണ് മറുനാടൻ മലയാളികൾ എന്ന് അങ്ങേക്കറിയാമല്ലോ. ഇതുകൂടാതെ എണ്ണത്തിൽ വളരെ കുറവെങ്കിലും, കേരളത്തിൽ തന്നെ സ്ഥിരതാമസം തുടരുവാൻ ഭാഗ്യം ലഭിച്ച കുറച്ചു വ്യക്തികൾ കൂടിയുണ്ട് ഈ കത്തെഴുതുന്ന കൂട്ടായ്മയിൽ. ഇന്റർനെറ്റ് എന്ന മാദ്ധ്യമത്തിലൂടെ വളരെ ഫലപ്രദമായും സ്വതന്ത്രമായും മൊത്തം സമൂഹത്തിനു നന്മ എന്ന സദുദ്ദേശ്യത്തോടെ അന്യോന്യം വിനിമയം നടത്തുന്ന ഞങ്ങൾ പക്ഷേ ഏതെങ്കിലും സംഘടനയിലോ സ്ഥാപനത്തിലോ പ്രസ്ഥാനത്തിലോ അംഗങ്ങളല്ല. തികച്ചും വ്യക്തിസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ ഞങ്ങളുടെ കൂട്ടായ്മക്ക് നിയതമായ ഒരു അജണ്ടയോ മുദ്രാവാക്യമോ പോലും ഇല്ല.

ഇക്കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ, താങ്കളുടെ സർക്കാരിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ തന്നെ കൃഷിവകുപ്പ് കേരളത്തിലെ കൃഷിക്കാർക്ക് എലിനിവാരണത്തിനുതകുന്ന **റോഡോഫോ (Rodofoe)** എന്ന പദാർത്ഥം വ്യാപകമായും സൌജന്യമായും വിതരണം ചെയ്തതായി അറിയാൻ കഴിഞ്ഞു. ഞങ്ങളുടെ ഈ കൂട്ടായ്മയിൽ സ്ഥിരമായി പങ്കുചേരുന്ന, തിരുവനന്തപുരം സ്വദേശിയായ ശ്രീ ചന്ദ്രശേഖരൻ നായർ എന്ന തലമുതിർന്ന, മുഴുവൻസമയ ചെറുകിട കർഷകനും ഈ എലിമരുന്നു വിതരണപരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. ഉല്പാദനക്ഷമതയാർന്ന കൃഷിയെന്നപോലെത്തന്നെ സ്വന്തം നാട്ടിലെ സുരക്ഷിതമായ പരിസ്ഥിതിയുടേയും ഭവിഷ്യോന്മുഖമായ ആവാസവ്യവസ്ഥയുടേയും പ്രാധാന്യത്തെക്കുറിച്ച് ഒരേപോലെ ഉത്കണ്ഠയുള്ള ഞങ്ങളുടെ ആ സുഹൃത്ത് അദ്ദേഹത്തിന്റെ സുദീർഘവും വിശാലവുമായ സ്വന്തം ജീവിതാനുഭവങ്ങൾ മുൻനിർത്തി ആ അവസരത്തിൽ അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥരോട് വളരെ ന്യായമായ ചില സംശയങ്ങൾ ചോദിക്കുകയുണ്ടായി.

ഒരു വിമുക്തഭടനും മുൻകാലത്ത് വിദേശമലയാളിയും ആയിരുന്നിട്ടുള്ള ശ്രീ ചന്ദ്രശേഖരൻ നായർക്ക് തൃപ്തികരവും വസ്തുനിഷ്ഠവുമായ ഉത്തരങ്ങൾ നൽകുവാൻ അവിടെ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് ആർക്കും തന്നെ കഴിഞ്ഞില്ല. എന്നുമാത്രമല്ല, വിതരണം ചെയ്യപ്പെട്ട പദാർത്ഥത്തിന്റെ യഥാർത്ഥ അപകടങ്ങളെപ്പറ്റി ഒരുപക്ഷേ വേണ്ടത്ര ബോധവാന്മാരല്ലാത്ത, ആ ചടങ്ങിൽ പങ്കെടുത്ത, അനേകം കർഷകർക്കിടയിൽ അവരെല്ലാവരും കൂടി പുച്ഛപരിഹാസാദികളോടെ അദ്ദേഹത്തെ ഒറ്റപ്പെടുത്തുകയുമുണ്ടായി. ഇതിനുശേഷം മനസ്സില്ലാമനസ്സോടെയാണെങ്കിലും അദ്ദേഹം തനിക്കു ലഭിച്ച റോഡോഫാൻ പാക്കറ്റുകൾ കൂടുതൽ പഠനത്തിനുവേണ്ടി കൈപ്പറ്റുകയും ചെയ്തു.

ശ്രീ ചന്ദ്രശേഖരൻ നായർ ഇതിനുശേഷം പൂർവ്വാധികം ഉത്കണ്ഠയോടെ, അങ്ങയുടെ തന്നെ സർക്കാരിന്റെ, ഈ വക കാര്യങ്ങളിൽ ഉത്തരവാദപ്പെട്ട മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും സമീപിക്കാൻ ശ്രമിച്ചു. ഇതിന്റെ ഭാഗമായി അദ്ദേഹം പള്ളിച്ചൽ **ഏ.ഡി.ഏ.ശ്രീമതി മിനി**, സസ്യസംരക്ഷണവകുപ്പിലെ **ശ്രീ.(ഡോ.)പി.കെ.ബാബു**, തിരുവനന്തപുരം ജില്ലാ മുഖ്യ കൃഷി ആപ്പീസർ (Principal Agriculture Officer) **ശ്രീ. ശിവപ്രസാദ്** എന്നിവരുമായി ടെലഫോണിലും ബന്ധപ്പെട്ടു. ആദ്യത്തെ രണ്ടു പേരും, ഈ ജോലി മേലുദ്യോഗസ്ഥരുടെ കല്പനപ്രകാരമായതിനാൽ ഈ വിഷയത്തിൽ അവരുടെ നിസ്സഹായത അറിയിച്ച് കൈമലർത്തി. പക്ഷേ ശ്രീ. ശിവപ്രസാദ് അദ്ദേഹത്തോട് വളരെ അവജ്ഞയും അശ്രദ്ധയും കലർന്ന രീതിയിലാണു സംസാരിച്ചതെന്ന് ശ്രീ. ചന്ദ്രശേഖരൻ നായർ അദ്ദേഹത്തിന്റെ ഇന്റർനെറ്റ് പേജിൽ തുറന്നു പ്രഖ്യാപിച്ചിട്ടുണ്ട്.

മേൽവിവരിച്ച സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സ്വാഭാവികമായും നിരാശനായ ശ്രീ നായർ ഇവയെല്ലാം തന്റെ ഇന്റർനെറ്റ് പേജിൽ പ്രസിദ്ധീകരിച്ച്, അവിടത്തെ സ്ഥിരം വായനക്കാരായ ഞങ്ങളുടെ സഹായം അഭ്യർത്ഥിക്കുകയുണ്ടായി. പലയിടത്തായി അന്യദേശങ്ങളിൽ ഒറ്റപ്പെട്ടുകഴിയുകയാണെങ്കിലും, സ്വന്തം മനസ്സും തറവാടും മറ്റു ജീവിതബന്ധങ്ങളും ഇപ്പോഴും നാട്ടിൽ തന്നെ വെച്ചുപോന്നിട്ടുള്ള ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം സംഭവങ്ങൾ കേരളത്തിൽ എവിടെ നടന്നാലും ഞങ്ങളുടെ സ്വന്തം വീട്ടുകാര്യം തന്നെയാണ്. വിദൂരദേശവാസം എന്ന ദൌർബല്യം ഒന്നുകൊണ്ടുമാത്രം നിശ്ശബ്ദനായിരിക്കേണ്ടിവരുന്ന ഞങ്ങൾ ഇത്തരുണത്തിലെങ്കിലും ശ്രീ ചന്ദ്രശേഖരൻ നായരെപ്പോലുള്ള ഒറ്റപ്പെട്ട കർഷകരോട് അനുതാപവും ആഭിമുഖ്യവും പ്രകടിപ്പിക്കാനാഗ്രഹിക്കുന്നു.

കൃത്യബാഹുല്യം കൊണ്ട് വളരെ തിരക്കുപിടിച്ച അങ്ങയുടെ മുൻപാകെ ഈ നീണ്ട കത്തു സമർപ്പിക്കുന്നത് താഴെപ്പറയുന്ന ഏതാനും സംശയങ്ങൾ വ്യക്തമായി ക്കിട്ടുവാനാണ്:

1. ശ്രീ ചന്ദ്രശേഖരൻ നായർ ശരിയായോ തെറ്റായോ വിശ്വസിക്കുന്നതുപോലെ, റോഡോഫോ എന്ന എലിനാശിനിയിൽ അടങ്ങിയിട്ടുള്ള **Bromadiolone** വാസ്തവത്തിൽ അതിശക്തിയേറിയ വിഷപദാർത്ഥമാണോ?

2. അതിനെക്കുറിച്ച് സ്വതന്ത്രവും മുൻവിധികളില്ലാത്തതുമായ പഠനങ്ങൾ നമ്മുടെ തന്നെ (കേരളത്തിൽ തന്നെയുള്ള) രസതന്ത്രഗവേഷകരും ജീവശാസ്ത്രവിദഗ്ദരും നടത്തിയിട്ടുണ്ടോ? അതോ മറ്റാരോ പ്രചരിപ്പിച്ചിട്ടുള്ള അർദ്ധസത്യങ്ങൾ ആധാരമാക്കിയാണോ നമ്മുടെ സർക്കാർ ഈ നടപടി ആസൂത്രണം ചെയ്തിട്ടുള്ളത്?

3. അഥവാ നമ്മുടെ തന്നെ സർക്കാർ അല്ലെങ്കിൽ സർവ്വകലാശാലകൾ അതുമല്ലെങ്കിൽ ഗവേഷണസ്ഥാപനങ്ങൾ അത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ, വിശദമായി അറിയുവാൻ താല്പര്യമുള്ള ഒരു സാധാരണ കർഷകനോ കേരളത്തിൽ ജീവിയ്ക്കുന്ന ഒരു പാവപ്പെട്ട പൌരനോ ആ വിവരങ്ങൾ എവിടെനിന്നു ലഭിക്കും?

4. അഥവാ, ദൌർഭാഗ്യവശാൽ, ഇത്തരം പഠനങ്ങളുടെ ഫലം അനുസരിച്ച് റോഡോഫോയും അതുപോലുള്ള വിഷങ്ങളും മഹാദ്രോഹകരമാണെന്നു വ്യക്തമായാൽ, ജനനന്മയെ കരുതി, ഈ വിതരണപരിപാടി, ഇപ്പോൾ തന്നെ വൈകിപ്പോയെങ്കിലും, ഉടനടി നിർത്തിവെക്കാൻ അങ്ങയുടെ സർക്കാർ സന്മനസ്സു കാണിക്കുമോ?

5. അഥവാ, അത്തരം പഠനങ്ങൾ ഇതിനകം നടന്നിട്ടേ ഇല്ലായെങ്കിൽ, പുതുതായി അവ സമാരംഭിക്കുവാനും, ഫലങ്ങൾ പുറത്തുവരുന്നതുവരെ ഈയിനം പദാർത്ഥങ്ങളുടെ വിതരണം നിർത്തിവെക്കാനും, അങ്ങയുടെ ഭരണകൂടം സന്മനസ്സു കാണിക്കുമോ?

6. ഏതെങ്കിലും തരത്തിലുള്ള നിക്ഷിപ്തതാല്പര്യങ്ങളോ വ്യക്തിബന്ധങ്ങളോ ഇത്തരം പദ്ധതികളിൽ പ്രവർത്തിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവയ്ക്കെതിരെ എന്തുതരം നടപടികളാണ് അങ്ങ് കൈക്കൊള്ളുവാൻ തീരുമാനിക്കുന്നത്?

7. പ്രസ്തുത പദ്ധതിയനുസരിച്ച് വിതരണം ചെയ്യപ്പെടുന്ന പാക്കറ്റുകളിലും വിതരണം ചെയ്യപ്പെടുന്ന രീതിയിലും കേന്ദ്ര-കേരള നിയമങ്ങൾ അനുസരിച്ചുള്ള ആരോഗ്യ-വിഷവിജ്ഞാനീയ-കാർഷികസംബന്ധമായ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ?

8. സൌജന്യമായി വിതരണം ചെയ്യപ്പെടുന്നതുകൊണ്ട് ഇത്തരം പദ്ധതികളിൽ പങ്കുപറ്റുന്ന ഒരാൾക്ക് ഉൽപ്പന്നത്തെക്കുറിച്ച് ഉപയോക്താവിനെന്ന നിലയിൽ അറിയുവാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നുണ്ടോ?

പല സ്രോതസ്സുകളിൽനിന്നുമായി ഞങ്ങൾക്കു സമ്പാദിക്കാൻ കഴിഞ്ഞ വസ്തുതകളനുസരിച്ച് Bromadiolone അത്യന്തം മാരകവും വിനാശകാരിയും ദീർഘകാലപ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയുമാണ്. ലോകത്തിന്റെ മറ്റു പല സ്ഥലങ്ങളിലും ഇതിനകം പരീക്ഷിച്ച് പരാജയപ്പെട്ട് പിൻവലിക്കപ്പെട്ടിട്ടുള്ള ഈ രണ്ടാംതലമുറ കീടനാശിനി കൃഷിയ്ക്കുമാത്രമല്ല വരുംതലമുറയിൽ ജനിക്കാൻപോകുന്ന കുട്ടികളടക്കം നാം ജീവിക്കുന്ന ആവാസവ്യവസ്ഥയെ തകിടം മറിക്കാൻ പോന്നതാണെന്നാണ് ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ഇങ്ങനെയൊക്കെയാണെങ്കിൽകൂടിയും, കീടനാശിനീരസതന്ത്രത്തിലും കൃഷിശാസ്ത്രത്തിലും സാമാന്യത്തിൽക്കവിഞ്ഞ അവഗാഹമില്ലാത്ത ഞങ്ങൾ, ഉത്തമപൌരന്മാരെന്ന നിലയിൽ, കേരളാ സർക്കാർ ലഭ്യമാക്കുന്ന സത്യസന്ധവും തെളിയിക്കപ്പെട്ടിട്ടുള്ളതുമായ വസ്തുതകൾ വായിച്ചറിഞ്ഞ് സമ്പൂർണ്ണവിനയത്തോടെ അംഗീകരിക്കാൻ ബാദ്ധ്യസ്ഥരും സജ്ജരുമാണ്. അതിനാൽ മേൽപ്പറഞ്ഞ സംശയങ്ങൾക്ക് ന്യായയുക്തമായ നിവൃത്തിയുണ്ടാക്കിത്തരാൻ അങ്ങയുടെ ചുമതലപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാരോട് ഉത്തരവിടുമെന്നു പ്രതീക്ഷിക്കുന്നു. മാത്രമല്ല, ഈ സംശയങ്ങൾക്കുള്ള മറുപടികൾ ന്യായമായ സമയപരിധിക്കുള്ളിൽ, ഈ കത്തെഴുതുന്ന ഞങ്ങൾക്കോരോരുത്തർക്കുമായോ, അതല്ലെങ്കിൽ ശ്രീ. ചന്ദ്രശേഖരൻ നായർക്കു മാത്രമായോ അയച്ചുതരുവാനും അങ്ങയുടെ ഉദ്യോഗസ്ഥന്മാർ ശ്രദ്ധ ചെലുത്തുമെന്നു വിശ്വസിക്കുന്നു.

പ്രത്യേകിച്ചൊരു നഷ്ടമില്ലാത്തതുകൊണ്ട് പുരോഗമനപരമായ എന്തിനേക്കുറിച്ചും എതിർക്കുക എന്ന ഒരു അടച്ച നയമുള്ളവരല്ല, പ്രത്യുത, കേരളത്തിന്റെ മൊത്തം അഭിവൃദ്ധിക്കും ആരോഗ്യത്തിനും ഉതകുന്ന കേവലം ശാസ്ത്രീയവും യുക്തവുമായ ഏതു പ്രവർത്തനത്തിനും സർവ്വാത്മനാ സഹകരിക്കുവാൻ തയ്യാറുള്ളവരാണ് ഈ കത്തെഴുതുന്ന ഞങ്ങൾ എന്നുകൂടി ഈ അവസരത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ.

**മേൽവിവരിച്ച പ്രശ്നങ്ങൾക്കു പുറമേ,**

അപരിചിതവും അനുഭവവേദ്യവുമല്ലാത്ത ഒരു കീടനാശിനിയോടുള്ള വൈമുഖ്യത്തിനേക്കാൾ ഞങ്ങളെ വേദനിപ്പിക്കുന്നത് ശ്രീ ചന്ദ്രശേഖരൻ നായർക്ക് അങ്ങയുടെ ഉദ്യോഗസ്ഥന്മാരിൽ നിന്നുണ്ടായ അവജ്ഞ കലർന്ന അനുഭവമാണ്. അങ്ങയെപ്പോലെ തന്നെ, അങ്ങയുടെ ഉദ്യോഗസ്ഥരെപ്പോലെത്തന്നെ, കേരളത്തിൽ ജീവിയ്ക്കുന്ന ഓരോ പൌരനും അത്ര തന്നെ ഈ രാജ്യത്തിന്റെ പുരോഗതിയിലും ഐശ്വര്യത്തിലും ഒട്ടും കുറയാത്ത ഉത്തരവാദവും അവകാശവും ഉണ്ടെന്നു ഞങ്ങൾ ശക്തമായി വിശ്വസിക്കുന്നു. അറിയുവാനും ആദരിക്കപ്പെടുവാനും ഉള്ള ഒരു സാധാരണ പൌരന്റെ അവകാശത്തെയാണ് അങ്ങയുടെ കീഴിൽ എല്ലാ മലയാളികൾക്കും മാതൃകയായി പ്രവർത്തിക്കേണ്ട ഇത്തരം ഉദ്യോഗസ്ഥന്മാർ ലംഘിക്കുന്നത്. ഞങ്ങൾ വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന, ജനപ്രിയനും

കർമ്മനിരതനുമായ ഒരു മുഖ്യമന്ത്രിയുടെ കീഴിൽ, അദ്ദേഹത്തിനും ഞങ്ങൾക്കുമിടയിൽ, ജനനന്മയുടേയും രാജ്യപുരോഗതിയുടേയും നിർബാധമായ തുടർച്ചയ്ക്കു തടയിടുന്ന ഇത്തരം ഉദ്യോഗസ്ഥരോടുള്ള ഞങ്ങളുടെ വ്യക്തിപരവും കൂട്ടായുമുള്ള പ്രതിഷേധം ഈ കത്തിലൂടെ ഞങ്ങൾ അറിയിക്കുന്നു. ഇത്തരം അനവധാനപൂർണ്ണമായ പ്രവർത്തനശീലമുള്ള അങ്ങയുടെ ശമ്പളക്കാരെ ഞങ്ങൾക്കും മൊത്തം കേരളജനതയ്ക്കും വേണ്ടി അങ്ങ് ശക്തമായി താക്കീതു ചെയ്തുകൊള്ളുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

അംഗീകരിക്കപ്പെട്ട ഔദ്യോഗികമാർഗ്ഗങ്ങളിലൂടെയല്ലാതെ, ഇത്തരത്തിൽ, ദീർഘമായ ഒരെഴുത്തെഴുതി അങ്ങയുടെ വിലയേറിയ സമയം അപഹരിക്കുന്നതിൽ ഞങ്ങൾക്കു ചെറുതല്ലാത്ത കുണ്ഠിതമുണ്ട്. പക്ഷേ, വിഷയത്തിന്റെ വ്യാപകമായ ഗൌരവവും ഞങ്ങളുടെ നിസ്സഹായതയും കണക്കിലെടുത്ത്, ഈ കത്ത് ഒരു ഔദ്യോഗികമായ പരാതിയായിത്തന്നെ അങ്ങു പരിഗണിക്കണമെന്നും യഥാവിധി നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

എന്ന്,

അത്യന്തം വിനയാദരങ്ങളോടെ,

വിശ്വസ്തവിധേയൻ,